# <u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

നമ്പർ: എ.ഡി.എ1-1/21/2017 തീയതി: 06.01.2017

## <u>പരിപത്രം</u>

വിഷയം: 2017 ജനുവരി 12 -ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 3 മണി മുതൽ 4 മണി വരെ നടക്കുന്ന ചാൻസിലേഴ്സ് അവാർഡ് സമർപ്പണ ചടങ്ങിൽ അദ്ധ്യാപകരുടെയും, ജീവനക്കാരുടെയും, വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കാനായുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: കുറിപ്പ് നമ്പർ വിസി.702/04/2017 തീയതി 04.01.2017

2017 ജനുവരി 12 -ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 3 മണി മുതൽ 4 മണി വരെ സിൽവർ ജൂബിലി പരീക്ഷാഭവനെ്റ മുൻ വശത്ത് പ്രത്യേകം തയ്യാറാക്കിയ പന്തലിൽ വെച്ച് നടക്കുന്ന **ചാൻസിലേഴ്സ് അവാർഡ്** സമർപ്പണ ചടങ്ങിൽ അദ്ധ്യാപകരുടെയും, ജീവനക്കാരുടെയും, വിദ്യാർത്ഥികളുടെയും പങ്കാളിത്തം ഉറപ്പാക്കാനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സമ്മേളനത്തിൽ പങ്കെടുക്കുന്നവർ സമ്മേളനം നടക്കുന്ന പന്തലിലെ ഇരിപ്പിടങ്ങളിൽ ഉച്ചയ്ക്ക് 2.30 നു മുൻപായി ഉപവിഷ്ടരാകേണ്ടതാണ്.
2. സമ്മേളനം അവസാനിച്ച് വിശിഷ്ടാതിഥികൾ വേദി വിട്ട് പോയതിനുശേഷം മാത്രമേ സദസ്സിലുള്ളവർ പുറത്തുപോകാവു.
3. ബഹുമാന്യരായ ഗവർണറും മുഖ്യമന്ത്രിയും മറ്റു വിശിഷ്ടാതിഥികളും വേദിയിൽ പ്രവേശിക്കുമ്പോഴും തിരികെ മടങ്ങുമ്പോഴും എല്ലാവരും എഴുന്നേറ്റ് നിൽക്കേണ്ടതാണ്.
4. സമ്മേളനം ആരംഭിക്കുമ്പോഴും അവസാനിക്കുമ്പോഴും ദേശീയ ഗാനം ആലപിക്കുന്നതാണ്. തദവസരത്തിൽ എല്ലാവരും ആദരസൂചകമായി എഴുന്നേറ്റു നിൽക്കേണ്ടതാണ്.
5. പന്തലിനകത്തും പരിസരത്തും പ്ലാസ്റ്റിക്ക് ഉപയോഗം കർശനമായി നിരോധിച്ചിരിക്കുന്നു.
6. സമ്മേളന പന്തലിൽ മൊബൈൽ ഫോണുകൾ സ്വിച്ച് ഓഫ് ചെയ്യുകയോ സൈലൻറ് മോഡിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.
7. സർവ്വകലാശാല ജീവനക്കാരുടെ വാഹനങ്ങൾ അന്നേ ദിവസം സർവ്വകലാശാല സ്റ്റേഡിയത്തിൽ പാർക്ക് ചെയ്യേണ്ടതാണ്.
8. സർവ്വകലാശാലയിലെ എല്ലാ അദ്ധ്യാപകരും, അനദ്ധ്യാപകരും, വിദ്യാർത്ഥികളും ഈ പരിപാടിയിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് താൽപര്യപ്പെടുന്നു.
9. എല്ലാ ജീവനക്കാരും സർവ്വകലാശാല നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് ധരിച്ച് സമ്മേളത്തിൽ പങ്കെടുക്കേണ്ടതാണ്.

പരിപാടിയുടെ സുഗമമായ നടത്തിപ്പിനായി എല്ലാവരും മുകളിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

ഒപ്പ്
രജിസ്ട്രാർ

പകർപ്പ്:

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. പ്രോ വൈസ് ചാൻസിലറുടെ പി.എസ്
4. രജിസ്ട്രാറുടെ/കൺട്രോളർ ഓഫ് എക്സാമിനേഷൻസിനെ്റ/ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
5. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
6. പബ്ലിക് റിലേഷൻസ് ഓഫീസർ/കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി.
7. നോട്ടീസ് ബോർഡ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ